Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

9153-F-2015-KSHO 19/11/2018

പ്രേഷക

ഡയറക്ടർ (എ & എഫ്)
കുടുംബശ്രീ

ഗ്രാഹകൻ

എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും

സർ/മാഡം,

വിഷയം: കുടുംബശ്രീ - എൻയുഎൽഎം - സ്വയംതൊഴിൽ പദ്ധതി - സംരംഭം - gap analysis - തുടർ പ്രവർത്തനം- സംബന്ധിച്ച്

സൂചന: 22/9/2018 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. മേൽ സൂചന പ്രകാരം നഗരസഭകളയിൽ പ്രാദേശികമായി ആവശ്യമുള്ള ഉത്പന്നങ്ങൾ/സേവനങ്ങൾ അതത് നഗരസഭകളിൽ ലഭ്യമാണോയെന്ന് കണ്ടെത്തി ആവശ്യമുള്ള സാധ്യത യുള്ള മേഖലകൾ കണ്ടെത്തുന്നതിന് ആവശ്യപ്പെട്ടിരുന്നു. ആയതിൻ പ്രകാരം സിറ്റിമിഷൻ മാനേജർമാർ ഇതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

നഗരസഭകളിൽ ആവശ്യമായ സേവനങ്ങൾ/ഉത്പന്നങ്ങൾ പ്രദാനം ചെയ്യുന്നതിലൂടെ സംരംഭ മേഖല വികസിപ്പിക്കുന്നതിനും ഇതിലൂടെ നഗര ദരി ദ്രർക്ക് തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനും സാധിക്കും. ആയതിനാൽ സംരംഭങ്ങളുടെ gap analysis പ്രവർത്തനങ്ങളുടെ തുടർ പ്രവർത്തനമെന്നോണം സ്പർശം ക്യാമ്പെയിനിൽ നിന്ന് ലഭ്യമായ വിവര പ്രകാരം സംരംഭം ആരംഭി ക്കാൻ താല്പര്യമുള്ള വ്യക്തികളുടെ പ്രത്യേക യോഗം വിളിച്ചു ചേർത്ത് നഗരത ലത്തിൽ സാധ്യതയുള്ള സംരംഭങ്ങളെക്കുറിച്ച് അവബോധം നൽകി ടി സേവന ങ്ങൾ/ഉത്പന്നങ്ങൾ ലഭ്യമാക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന തിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

TRIDA Building, Medical College PO, Thiruvananthapuram 695011
T. 0471 255 4714, 255 4715 (0) F. 0471 255 4717

ചെറിയ മുതൽ മുടക്കുള്ള സംരംഭങ്ങൾ തനത് ഫണ്ട്/ത്രിഫ്റ്റ്/ആർ. എഫ്/ലിങ്കേജ് ലോൺ ഇവയിലൂടെയോ മുദ്രാ വായ്പ/ സ്വയം തൊഴിൽ വായ്പ വഴിയോ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നഗരസഭ പ്ലാൻഫണ്ട്, വനിതാ ഘടക പദ്ധതി എന്നിവയ്ക്ക് വകയിരുത്തിയിട്ടുള്ള ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സാധ്യതയും പരിഗണിക്കേണ്ടതാണ്. സ്വയം തൊഴിൽ സംരംഭങ്ങളുടെ gap analysis സംബന്ധിച്ച തുടർ പ്രവർത്തനങ്ങൾ നവംബർ 30 നകം പൂർത്തീകരിച്ച് റിപ്പോർട്ട് സിറ്റി മിഷൻ മാനേജർമാർ സംസ്ഥാന മിഷന് സമർപ്പിക്കേണ്ടതാണ്.

സംരംഭ മീറ്റിംഗുകൾ വിളിച്ചു ചേർക്കുന്നതിന് ആവശ്യമായ തുക (വ്യക്തിയൊന്നിന് പരമാവധി 15 രൂപ നിരക്കിൽ പരമാവധി 1500 രൂപ) നഗരസഭ യിൽ ലഭ്യമായ എൻ.യു.എൽ.എം അക്കൗണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

ആവശ്യമെങ്കിൽ അപേക്ഷ പ്രകാരം ടി ചെലവ് സംസ്ഥാന മിഷനിൽ നിന്നും മടക്കി നൽകുന്നതാണ്. ഈ ചെലവ് ഐഇസി ശീർഷകത്തിൽ Interpersonal Events / Sensitisation പ്രോഗ്രാം 7.1 എന്ന ഉപശീർഷകത്തിൽ വകയിരുത്തേണ്ടതുമാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

ഡയറക്ടർ (എ & എഫ്)
കുടുംബശ്രീ

പകർപ്പ്

1. എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. എല്ലാ സിറ്റിമിഷൻ മാനേജർമാർക്കും/സി.ഡി.എസ്മാർക്കും